## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *235

27.01.2014 ലെ മറുപടിയ്ക്ക്

### സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; | (എ) തൊഴിൽ പരമായ സംരക്ഷണത്തിന് വേതന സുരക്ഷാപദ്ധതിയുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 73 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം വിജയിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ; | (ബി) മിനിമം വേതനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് അവരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന ലഭ്യമാക്കുവാനും സ്ഥാപന പരിശോധന നടത്താതെ മിനിമം കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നു എന്നത് ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റിലൂടെ നേരിട്ട് മനസ്സിലാക്കുവാനും കഴിയുന്നതാണ്. |
| (സി) ഈ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) സ്വകാര്യമേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ഡി) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിന്റേയും പ്ലാന്റേഷൻ ലേബർ ആക്റ്റിന്റേയും മിനിമം വേജസ് ആക്റ്റിന്റേയും മറ്റ് തൊഴിൽ നിയമങ്ങളുടേയും അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വ്യക്തിഗത പരിശോധനകളും സ്ക്വാഡ് ഇൻസ്പെക്ഷനുകളും നടത്തുകയും തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |

Deepa

സെക്ഷൻ ഓഫീസർ